ഫോൺ: 0471 2557227 (ഓഫീസ്)
ഇ-മെയിൽ: registrar.ksmc@kerala.gov.in
www.medicalcouncil.kerala.gov.in

ഭരണഭാഷ-മാതൃഭാഷ

## കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ്

റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം, കേരള-695035

നം: C6-21779/2024/MC/FMG                                        തീയതി : 09/04/2025

## സർക്കുലർ

### മോഡേൺ മെഡിസിൻ ബിരുദധാരികളുടെ ഇന്റേൺഷിപ്പ് സംബന്ധിച്ച്

ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നവരെ സംബന്ധിച്ചുള്ള നിലവിലെ 24/01/2020 തീയതിയിലെ സി1-5286/2018/എം.സി നമ്പർ സർക്കുലറിൽ പുതിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഭേദഗതികൾ വരുത്താൻ 19/09/2024 തീയതിയിൽ കൂടിയ മോഡേൺ മെഡിസിൻ കൗൺസിൽ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനങ്ങൾ ചുവടെപ്പറയുന്നു. (18/11/2021 തീയതിലെ CMRI regulation-നും NMC തീരുമാനത്തിനും വിധേയമായി മാത്രം)

1. നിലവിൽ എം.ബി.ബി.എസ് പഠനം കഴിഞ്ഞ അപേക്ഷകർക്ക് കേരളത്തിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനായി നൽകുന്ന ഒന്നാം താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി 1 വർഷമാണ്. ഇതിൽ കൗൺസിൽ തീരുമാന പ്രകാരം 3 മാസം കൂടി ഇളവ് നൽകുന്നു. ഈ ആനുകൂല്യം ഒന്നാം പ്രൊവിഷണൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി ഒരു വർഷം കഴിഞ്ഞ് 3 മാസത്തിനുള്ളിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നവർക്ക് മാത്രമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

2. $1^{st}$ Provisional registration certificate-ന്റെ കാലവധിക്കുള്ളിൽ (അതായത് 1 വർഷത്തിനുള്ളിൽ) $2^{nd}$ Provisional registration certificate നേടുന്നതിനായി അപേക്ഷിച്ചാൽ പ്രിൻസിപ്പാൾ/ സൂപ്രണ്ടിന്റെ കത്ത്, 1000/- രൂപ ഫീസ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

3. $1^{st}$ Provisional registration certificate-ന്റെ കാലാവധിക്ക് ശേഷം (അതായത് 1 വർഷത്തിനു ശേഷം) 6 മാസത്തിനുള്ളിൽ $2^{nd}$ Provisional registration certificate നേടുന്നതിനായി അപേക്ഷിച്ചാൽ പ്രിൻസിപ്പാൾ/ സൂപ്രണ്ടിന്റെ കത്ത്, 2000/- രൂപ ഫീസ്,

മെഡിക്കൽ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ 5000/- രൂപ പിഴ എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.

4. 1st Provisional registration certificate-ന്റെ കാലാവധിക്ക് ശേഷം (അതായത് 1 വർഷത്തിന് ശേഷം) 6 മാസം കഴിഞ്ഞാണ് 2nd Provisional registration certificate– ന് അപേക്ഷിക്കുന്നതെങ്കിൽ, പ്രിൻസിപ്പാൾ/ സൂപ്രണ്ടിന്റെ കത്ത്, 2000/- രൂപ ഫീസ്, 5000/- രൂപ പിഴ എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.
5. 3rd Provisional registration certificate- ന് അപേക്ഷിക്കുന്നവർ പ്രിൻസിപ്പാൾ/ സൂപ്രണ്ടിന്റെ കത്ത്, 2000/- രൂപ ഫീസ്, 5000/- രൂപ പിഴ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. (24/03/2023 തീയതിയിലെ കൗൺസിൽ തീരുമാനപ്രകാരം)
6. 4th Provisional registration Certificate-ന് അപേക്ഷിക്കുന്നവർ പ്രിൻസിപ്പാൾ/ സൂപ്രണ്ടിന്റെ കത്ത്, 2000/- രൂപ ഫീസ്, 10,000/- രൂപ പിഴ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. (12/04/2023 തീയതിയിലെ കൗൺസിൽ തീരുമാനപ്രകാരം)

**മേൽ സാഹചര്യത്തിൽ കേരളത്തിനകത്ത് മെഡിക്കൽ പഠനം കഴിഞ്ഞ അപേക്ഷകർക്കും വിദേശത്ത് മെഡിക്കൽ പഠനം കഴിഞ്ഞ അപേക്ഷകർക്കും ഈ കൗൺസിൽ നിന്ന് നൽകുന്ന ഒന്നാം താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി രജിസ്ട്രേഷൻ തീയതി മുതൽ 1 വർഷവും 3 മാസവും / 2 വർഷവും 3 മാസവും (Foreign Medical Graduates) ആക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. ഈ തീരുമാനത്തിന് 19/09/2024 തീയതി മുതൽ മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതാണ്.**

**രജിസ്ട്രാർ**

**പകർപ്പ്** :- വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

**R. SURESH BABU**
Registrar
Kerala State Medical Councils
Red Cross Road
Thiruvananthapuram - 695 035